## പതിമൂന്നാം കേരളനിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *218

8.07.2015 ലെ മറുപടിയ്ക്ക്

### പൊതുകുളങ്ങളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പൊതുകുളങ്ങളുടെ നവീകരണത്തിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കുമോ ; | എ) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫണ്ട് പൊതുകുളങ്ങളുടെ നവീകരണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല. എന്നാൽ നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതിക്കു കീഴിൽ വനം, ജലസേചനം, കൃഷി, മത്സ്യകൃഷി, മൃഗസംരക്ഷണം എന്നീ രംഗത്തെ വിവിധ ഏജൻസികളുമായി കൈകോർത്ത് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് ലഭ്യമായ ഫണ്ടുപയോഗിച്ച് തിരുവനന്തപുരം കോർപ്പറേഷനു കീഴിൽ വരുന്ന പൊതുകുളങ്ങൾ നവീകരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത ഫണ്ടുപയോഗിച്ച് ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവലോകന വിവരങ്ങൾ വെളിപ്പെടുത്തുമോ ; | ബി) | ഈ പദ്ധതിയുടെ അവലോകനം സർക്കാർ തലത്തിൽ പരിസ്ഥിതി വകുപ്പ്, ധനകാര്യ വകുപ്പ്, ഡിപ്പാർട്ടുമെന്റ് തലത്തിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്നിവ നടത്തിവരുന്നുണ്ട്. അവലോകന യോഗങ്ങൾ 4/12/2013, 7/12/2013, 15/1/2014 , 15/2/2014, 5/3/2014, 8/5/2014, 12/6/2014, 11/3/2015, 27/12/ 2014, 16/1/2014, 25/9/2014, 12/6/2014, 20/2/2015 ഇതിനുപുറമേ ഏപ്രിൽ 2015 മുതൽ എല്ലാ മാസവും അഡീഷണൽ ചീഫ് സെക്രട്ടറി നേരിട്ട് ഈ പദ്ധതി അവലോകനം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരം ആകെ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | സി) | അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഫണ്ട് അനുവദിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായി 24 കുളങ്ങൾ നവീകരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

1. പൊതു കുളങ്ങളുടെ ഉടമസ്ഥാവകാശം തിരുവനന്തപുരം കോർപ്പറേഷനിലോ മറ്റു സർക്കാർ വകുപ്പുകൾക്കു കീഴിലോ ദേവസ്വത്തിനു കീഴിലോ നിക്ഷിപ്തമായിരിക്കണം.
2. ഈ കുളങ്ങളിലേക്ക് പൊതുജനങ്ങൾക്ക് നേരിട്ട് പ്രവേശിക്കാനുള്ള സൗകര്യമുണ്ടായിരിക്കേണ്ടതാണ്.
3. ഈ കുളങ്ങളുടെ ജലവിസ്തൃതി ചുരുങ്ങിയത് 500$m^2$ എങ്കിലും ആയിരിക്കണം.
4. ഒരു കുളത്തിന് അനുവദനീയമായ തുക 15 ലക്ഷംആയിരിക്കണം.
5. നവീകരണം വഴി ഈ കുളങ്ങളുടെ ജലത്തിന്റെ ഗുണമേന്മയും അളവും വർദ്ധിക്കാൻ ഉള്ള സാഹചര്യം ഉണ്ടായിരിക്കണം.
6. നവീകരിക്കാൻ ഉദ്ദേശിക്കുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ആ കുളവുമായി ബന്ധപ്പെട്ട സമീപത്തുള്ള ഏതെങ്കിലുമൊരു റസിഡൻസ് അസോസിയേഷൻ വഴി നടപ്പിലാക്കേണ്ടതാണ്.
7. നവീകരിക്കപ്പെട്ട കുളങ്ങളുടെ തുടർന്നുള്ള പരിപാലനത്തിന് ഒരു റിവോൾവിംഗ് ഫണ്ട് ആയി 10,000 രൂപ കെ.ഐ.ഐ.ഡി.സി റസിഡൻസ് അസോസിയേഷന് നൽകേണ്ടതാണ്.
8. നവീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി കെ.ഐ.ഐ.ഡി.സി യുടെ ഒരു പ്രതിനിധിയും കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പ്രതിനിധിയും ബന്ധപ്പെട്ട വാർഡ് കൗൺസിലറും റസിഡൻസ് അസോസിയേഷന്റെ ഒരു പ്രതിനിധിയും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(signature)

സെക്ഷൻ ഓഫീസർ